# പുണ്യശ്ലോകനായ വലിയതിരുമേനി

**ഫാ. ജോർജ് വർഗീസ്**
*മോർ ഇഗ്നാത്തിയോസ് സെമിനാരി, കോതമംഗലം*



**അ**യ്യമ്പിള്ളിയിലെ സുപ്രസിദ്ധമായ തെക്കേക്കര കുടുംബത്തിൽ ശ്രീ മത്തായിയുടെയും അന്നയുടെയും പുത്രനായി എ.ഡി. 1869 ജനുവരി 23–ാം തീയതി അഭി. തിരുമനസ്സുകൊണ്ടു ജനിച്ചു. ബാലനായ പൗലൂസിനു 10 വയസ്സു പ്രായമുള്ളപ്പോൾ അങ്കമാലി ഭദ്രാസന ഇടവകയുടെ അമ്പാട്ട് മോർ കൂറിലോസ് തിരുമനസ്സിൽനിന്നും എ.ഡി. 1879 ഏപ്രിൽ 21–ാം തീയതി പുതുഞ്ഞായറാഴ്ച കോറൂയോസ്ഥാനം പ്രാപിച്ചു. താപസശ്രേഷ്ഠനായ അഭി. തിരുമനസ്സിലെകൂടെ താമസിച്ച പൗലൂസ് ശെമ്മാശൻ തിരുമേനിയുടെ കീഴിൽ പഠനമാരംഭിച്ചു. വേദശാസ്ത്രത്തിലും സുറിയാനിഭാഷയിലും അഗാധപാണ്ഡിത്യം നേടിയ ശെമ്മാശൻ എം.ഡി. സെമിനാരിയിൽ അക്കാലത്ത് സുറിയാനിയും വേദപാഠവും പഠിപ്പിക്കുവാൻ നിയമിതനായി. 1066 കുംഭം 25ന് അമ്പാട്ട് മോർ കൂറിലോസ് തിരുമേനി കാലം ചെയ്തു. അതേതുടർന്ന് ബഹു. പൗലൂസ് ശെമ്മാശന് കശ്ശീശാപട്ടവും ദയറോയൂസോയും പരിശുദ്ധനായ പരുമലതിരുമേനി പുലിക്കോട്ടിൽ മോർ ദിവന്നാസിയോസ്, കടവിൽ മോർ അത്താനാസിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിൽ നൽകി. താപസന്മാരിൽ അഗ്രഗണ്യനും വിശുദ്ധനും ഭക്തനുമായ പരുമല തിരുമേനിയിൽ നിന്നും ദയറോയൂസോ സ്വീകരിച്ച പൗലൂസ് റമ്പാൻ ആ പുണ്യപിതാവിന്റെ കാലടികളിൽക്കൂടി യാത്ര തുടങ്ങി. അനേകനാൾ പ. പരുമലതിരുമേനിയോടൊപ്പം പരുമലയിൽ താമസിക്കുകയും പഴയ വിശുദ്ധിനിറഞ്ഞ പരുമല സെമിനാരി

യുടെ പണിയിൽ വ്യാപൃതനായി. വി. പരുമല കൊച്ചുതിരുമേനി 1078 തുലാം മാസം 20–ാം തീയതി (എ.ഡി. 1902) കാലം ചെയ്തു. ആലുവാ സെമിനാരിസ്ഥാപകനും സുറിയാനിപണ്ഡിതനും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുമായ (കടവിൽ) പൗലൂസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത എ.ഡി. 1907 തുലാം 20ന് കാലം ചെയ്ത് ആലുവാ പള്ളിയിൽ അടക്കപ്പെട്ടു.

1909 ചിങ്ങം 15ന് അങ്കമാലി ഭദ്രാസന ഇടവകയുടെ പള്ളിപ്രതിപുരുഷയോഗം ആലുവാ സെമിനാരിയിൽവച്ചു കൂടുകയും പൗലൂസ് റമ്പാച്ചനെ ഇടവക മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും 1085 ഇടവം 27ന് (എ.ഡി. 1910) അകപ്പറമ്പ് പള്ളിയിൽവച്ച് പ. മോറാൻ അബ്ദുള്ള പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ പൗലോസ് മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ യായി വാഴിച്ചു. പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരിശുദ്ധിയെയും പരമാധികാരത്തെയും ചോദ്യം ചെയ്യാതെ ആയുസ്സിന്റെ അന്ത്യം വരെ അദ്ദേഹം കഴിച്ചുകൂട്ടി. തന്റെ ഗുരുവായ അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയാകട്ടെ, ഇടവക മെത്രാപ്പോലീത്താ യായ കടവിൽ തിരുമേനി, തന്റെ തലയിൽ കൈവച്ച ചാത്തുരുത്തിൽ (പരുമല) തിരുമേനി ഇവർ പ. അന്ത്യോഖ്യാ സിംഹാസനത്തിനെതിരായി ഒരുവാക്കുപോലും ശബ്ദിച്ചിരുന്നില്ല. അവരുടെ പാത പുണ്യവാനായ മോർ അത്താനാസിയോസ് തിരുമേനിയും തുടർന്നു.

അക്കാലത്തെ മെത്രാപ്പോലീത്തന്മാരിൽ ഏറ്റവും ചെറുപ്പമായിരുന്ന അഭി. തിരുമനസ്സ് പുതിയ ആദർശങ്ങളോടും ദൈവാശ്രയത്തിലും ഇടവക ഭരണമാരംഭിച്ചു. ഈ പിതാവിന്റെ എ.ഡി. 1910 മുതൽ എ.ഡി. 1953 വരെയുള്ള ഭരണകാലമാണ് അങ്കമാലി ഭദ്രാസന ഇടവകയുടെ ഇന്നത്തെ കെട്ടുറപ്പിന്റെ അടിസ്ഥാനശില. വൈദികരുടെ വിദ്യാഭ്യാസരംഗത്തും ഇടവകയുടെ ഉയർച്ചയിലും ശ്രദ്ധിച്ചിരുന്ന പിതാവ് ഭക്തസംഘടനകളെ വളർത്തിയെടുക്കുന്നതിൽ ജാഗ്രത പുലർത്തിയിരുന്നു. മലങ്കര സിറിയൻ സണ്ടേസ്കൂൾ അസ്സോസിയേഷൻ, മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥിസംഘം, പൗരസ്ത്യ സുവിശേഷ സമാജം, ദയറാസമൂഹം, ഇഗ്നാത്തിയോസ് സുവിശേഷസംഘം എന്നിവയുടെയെല്ലാം ശില്പി അഭി. പിതാവാണ്.

വിശുദ്ധനും ഭക്തനും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന കൊച്ചുപറമ്പിൽ മോർ കൂറിലോസ് തിരുമേനി എ.ഡി. 1917 ധനു 1–ാം തീയതി കാലം ചെയ്ത് പാണമ്പടി പള്ളിയിൽ കബറടക്കപ്പെട്ടതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട മോർ അത്താനാസിയോസ് തിരുമേനി ആ നാളുമുതൽ കാലം ചെയ്യുന്നതുവരെ പ. സഭയ്ക്കുവേണ്ടി രാവും പകലും പ്രവർത്തിച്ചു.

ലളിതവും നിഷ്കളങ്കവുമായ ജീവിതം, സഭയിലും ദൈവത്തിലും അപ്പോസ്തോലിക കാലത്തെപ്പോലെയുള്ള അടിയുറച്ച വിശ്വാസം, നിഷ്ഠയോടുകൂടിയുള്ള പ്രാർത്ഥനയും വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയിൽ സംശയരഹിതമായ ആശ്രയം, ആന്തരീകവും ബാഹ്യവുമായ വിനയം, എന്നിവയാണ് വലിയതിരുമനസ്സിലെ വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാനശിലകൾ. വി. കൂദാശകളിലും അവ അനുഷ്ഠിക്കുന്ന രീതികളിലും തിരുമന

സ്സിലേക്കുള്ള പ്രത്യേക താൽപ്പര്യവും ശ്രദ്ധയും ഹൃദയസ്പർക്കായ കർമ്മാനുഷ്ഠാന ങ്ങളും തിരുമേനിയുടെ പ്രത്യേക സവിശേഷതകളാണ്. തിരുമനസ്സിലെ ഭരണകാല ത്തിന്റെ നല്ല സമയവും സമുദായക്കേസുകളിൽ ശ്രദ്ധ പതിപ്പിക്കേണ്ടിവന്നു. അവ നട ത്തിക്കൊണ്ടുപോകുന്നതിനുള്ള സാമ്പത്തിക ക്ലേശവും ഭാരങ്ങളും തിരുമേനിയെ വളരെ വേദനിപ്പിച്ചിരുന്നു. പല സമയങ്ങളിലും കൂടെനിന്ന വിശ്വസ്തർ കൂറുമാറിയ പ്പോഴും കോടതിവിധികൾ പ്രതികൂലമായി ബാധിച്ചപ്പോഴും ദൈവാശ്രയത്തിലും ധൈര്യത്തിലും പിതാവ് സഭയെ മുമ്പോട്ടു നയിച്ചു. വലിയതിരുമേനിയുടെ വലിയ ബലം ഉറക്കത്തിലും ഉണർവിലും രാവും പകലും സന്തോഷകാലത്തും ദുഃഖകാലത്തും തന്നോട് ഒപ്പംനിന്നു കൈത്താങ്ങലുതന്ന വലിയവരും ചെറിയവരുമായ (പ്രായം കൊണ്ട്) മെത്രാപ്പോലീത്തന്മാരായ ഏലിയാസ് മോർ യൂലിയോസ് ബാവാ, മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി, ഏബ്രഹാം മോർ ക്ലീമീസ് തിരുമേനി, വയലിപ്പറ മ്പിൽ മോർ ഗ്രീഗോറിയോസ്, മുളയിരിക്കൽ മോർ സേവേറിയോസ്, പൗലൂസ് മോർ പീലക്സിനോസ് (കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബാവാ) എന്നിവരായിരുന്നു. നീണ്ട 74 സംവത്സരം വൈദികപദവിയിൽ ശുശ്രൂഷ ചെയ്ത ഈ പുണ്യപിതാവിന്റെ രാപകലില്ലാത്ത ശുശ്രൂഷയുടെ ഫലമാണ് ഇന്നുകാണുന്ന ആകമാന സുറിയാനി സഭ യിലെ ഏറ്റവും വലിയതും തിളക്കമേറിയ നക്ഷത്രവും വിശ്വാസത്തിന്റെ തീഷ്ണത യിൽ ജ്വലിച്ചുനിൽക്കുന്നതുമായ അങ്കമാലി ഭദ്രാസനം. എ.ഡി. 1953 ജനുവരി 24–ാം തീയതി 3.30ന് ഈ പുണ്യപിതാവ് തന്റെ ഈലോകത്തിലെ ശുശ്രൂഷതികച്ച് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് യാത്രയായി.

പുണ്യവാനായ പിതാവേ അങ്ങ് നട്ടുനനച്ചു വളർത്തിയ ഭദ്രാസനത്തിന്റെ, അങ്ങ യുടെ പിൻഗാമി അങ്ങയെപ്പോലെതന്നെ മലങ്കര മുഴുവന്റെയും മെത്രാപ്പോലീത്തായും ശ്രേഷ്ഠനായ കാതോലിക്കായും ആയി അങ്ങയുടെ കാലടികളെ പിന്തുടർന്ന് മലങ്കര യിലെ വി. സഭയെയും നയിക്കുന്നു. അവിടുന്ന് അങ്ങയുടെ പിൻഗാമിയെ അനുഗ്രഹി ച്ചാലും. പുണ്യപിതാവെ അവിടുന്ന് കാലം ചെയ്തിട്ട് 50 വർഷം തികയുന്ന ഈ സന്ദർഭത്തിൽ സഭയെ മുഴുവനായും അനുഗ്രഹിക്കണമെ.

*Source:* **മലങ്കര ശബ്ദം**

*January 2003 issue*